**ജനുവരി 2!, 2014**

# സ്ഥിരതയും അരാജകത്വവും

**അരുൺ ജെയ്റ്റ്ലി. പ്രിപക്ഷ നേതാവ് (രാജ്യസഭ)**

കഴിഞ്ഞ ആഴ്ച അനുഭവപാഠങ്ങളുടേതായിരുന്നു. മൂന്നു നേതാക്കളുടെ ഇന്ത്യയെക്കുറിച്ചുള്ള കാഴ്ചപ്പാട് ഞാൻ സൂക്ഷ്മമായി നിരീക്ഷിക്കുകയായിരുന്നു.

രാഹുൽഗാന്ധിയുടെ എഐസിസിയിലെ പ്രസംഗം പാർട്ടിയുടെ ധാർമികാവേശം ഉയർത്തുന്നതാകേണ്ടിയിരുന്നു. പക്ഷേ അവർ ദിശാബോധമില്ലാത്ത സ്ഥിതിയിലാണ്. രാഹുലിനെ പ്രധാനമന്ത്രിയായി ഉയർത്തിക്കാണക്കേണ്ടതില്ലെന്നത് അവരുടെ മനഃശാസ്ത്രപരമായ പോരായ്മയാണ്. അദ്ദേഹത്തിന്റെ പ്രസംഗം അക്രമാസക്തമായിരുന്നു, പക്ഷേ വ്യക്തമായ ലക്ഷ്യമില്ലാത്തതായിരുന്നു.

നരേന്ദ്രമോദിയുടെ ബിജെപി ദേശീയ കൗൺസിലിലിലെ പ്രസംഗം അദ്ദേഹത്തിന്റെ ഏറ്റവും മികച്ചതായിരുന്നു. രാഷ്ട്രീയ പ്രസംഗത്തിനപ്പുറം അദ്ദേഹം ഭാവി ഇന്ത്യയെക്കുറിച്ച് ഒരു കാഴ്ചപ്പാടവതരിപ്പിച്ചു. അദ്ദേഹം ഒരു പുതിയ ചർച്ചക്കുള്ള നിലവാരം ഉണ്ടാക്കി. പ്രസംഗം പ്രധാനമന്ത്രി തുല്യമായിരുന്നു. ഫെഡറലിസത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞ പ്രസംഗം ശക്തമായ ആധുനിക ഇന്ത്യയുടെ കാഴ്ച്ചപ്പാട് വെളിപ്പെടുത്തുന്നതായി. കൃഷി മുതൽ ആരോഗ്യം വരെയും വിദ്യാഭ്യാസ കാര്യത്തിലും അദ്ദേഹത്തിന്റെ കാഴ്ചപ്പാട് പൊസിറ്റീവായിരുന്നു. എല്ലാ സംസ്ഥാനത്തിനും ഐഐടിയും ഐഐഎമ്മും എയിംസും പോലുള്ള മഹത്തായ സ്ഥാപനങ്ങൾ. അടിസ്ഥാന സൗകര്യങ്ങളില്ലാത്ത വീടുകൾ ഉണ്ടാവില്ല. സുവർണ ചതുഷ്കോണ പാതപോലെ ഹൈവേകളെ കൂട്ടിച്ചേർക്കുന്ന ഡയമണ്ട് ചതുഷ്കോണ പാതകൾ, വ്യവസായ ഇടനാഴികൾ, ബുള്ളറ്റ് ട്രെയിനുകൾ, 100 സ്മാർട്ട് സിറ്റികൾ തുടങ്ങിയവ ഇന്ത്യയുടെ മുഖച്ഛായതന്നെ മാറ്റും. പ്രകൃതിവിഭവങ്ങളിൽ ആദ്യാവകാശം ദരിദ്രർക്കും അവഗണിതർക്കുമായിരിക്കും. 2014 ലെ നരേന്ദ്ര മോദിയുടേയും ബിജെപിയുടേയും പ്രചാരണത്തിൽ ഒരു നാഴികക്കല്ലായിരിക്കും ആ പ്രസംഗം.

മൂന്നാമത്തേത് എഎപിയുടെ രാഷ്ട്രീയമാണ്. പതിവ് രാഷ്ട്രീയത്തിന് ബദലായാണ് ആ പാർട്ടി രൂപം കൊണ്ടത്. ആ പാർട്ടിയുടെ ബദൽ ഒരു അരാജകത്വമാണെന്ന് ഇപ്പോൾ വ്യക്തമായിക്കഴിഞ്ഞു. ഇത് എഎപിയുടെ നേതാക്കാൾ തന്നെ സമ്മതിക്കുന്നു. ലോക്പാൽ ബിൽ സമരത്തിനിടെ കേന്ദ്രത്തിന്റെ പോലീസ് ഭാഗമായ സിബിഐയെ കേന്ദ്രസർക്കാർ നിയന്ത്രിക്കരുതെന്ന് അവർ പറഞ്ഞു. അവർ തന്നെ ഇപ്പോൾ പറയുന്നു, സംസ്ഥാന പോലീസ് തെരഞ്ഞെടുക്കപ്പെട്ട ദൽഹി സർക്കാരിന്റെ കീഴിലാവണമെന്ന്. ഒരു നേതാവിന്റെ നയമില്ലായ്മയാണിതെന്ന് പറയേണ്ടതില്ലല്ലൊ. പാർട്ടി രാജ്യത്തെ നിയമത്തിനെതിരെയുള്ള നിലപാടാണ് സ്വീകരിച്ചത് (മാളവ്യനഗറിൽ), രാഷ്ട്രീയ സാഹസികത, പരമാവധി പിടിവാശി, പൊതുജീവിതത്തിൽ കാണിക്കേണ്ട മാന്യതയില്ലായ്മ, ഭരണഘടനാപരമായ സ്ഥാപനങ്ങളോട് കാണിക്കേണ്ട ആദരവില്ലായ്മ എന്നിവ പുറമേ. പോലീസുകാരോട് യൂണിഫോം അഴിച്ചുവച്ച് പ്രക്ഷോഭത്തിൽ പങ്കെടുക്കാൻ അവർ ആഹ്വാനം ചെയ്യുന്നു. കുറച്ചുനാൾ മുമ്പ് മൗലികവാദികളാണ് റിപ്പബ്ലിക് ദിനം ബഹിഷ്ക്കരിക്കാൻ ആഹ്വാനം ചെയ്തത്. ഇപ്പോൾ ദേശീയ പാർട്ടിയായി എന്നവകാശപ്പെടുന്നവരാണ് റിപ്പബ്ലിക് ദിനത്തെ അലങ്കോലപ്പെടുത്തുമെന്ന് പ്രഖ്യാപിക്കുന്നത്. ഭരണഘടനാ സംവിധാനത്തെ വെല്ലുവിളിക്കുന്നവർ. അതിന്റെ അംഗങ്ങൾ ജമ്മു-കാശ്മീരിലെ വിഘടനവാദികളെയും ഛത്തീസ്ഗഢിലെ മാവോയിസ്റ്റുകളേയും പിന്തുണക്കുന്നു. കഴിഞ്ഞവർഷം രാജ്യസഭയിൽ 'അരാജകവാദികളുടെ കൂട്ടം' എന്നൊരു പ്രയോഗം ഞാൻ കേട്ടു. ഞാനന്ന് സംശയിച്ചു അരാജകവാദികൾ എല്ലാത്തരം സംവിധാനങ്ങളെയും എതിർക്കുന്നവരായിരിക്കെ, അവർ വികസിതതാല്പ്പര്യങ്ങളില വിശ്വസിക്കുന്നവരായിരിക്കെ അവർക്കൊരു സംഘടനക്ക് സാധ്യതയുണ്ടോ എന്ന്. ഞാനിപ്പോൾ അതിനുത്തരം കണ്ടുപിടിച്ചിരിക്കുന്നു. ദൽഹി തെരുവുകളിൽ അരാജകവാദികളുടെ സംഘടന പ്രകീർത്തിച്ചിരിക്കുന്നു. അരാജകവാദം ബദൽ രാഷ്ട്രീയമാകില്ല.